**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3894** **06-08-2021 - ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി സ്പിൽവേ ഷട്ടറിന്റെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടപ്പള്ളി സ്പിൽവേ ഷട്ടറിന്റെ അറ്റകുറ്റപ്പണിക്ക് എത്ര തുകയാണ് അനുവദിച്ചത്; എന്തൊക്കെ നിർമ്മാണങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്; നിർമ്മാണക്കരാർ ഏറ്റെടുത്തത് ആരാണെന്നും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരം നൽകാമോ; | (എ) | 25/07/2019-ലെ G.O(Rt)No.533/2019/WRD -നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തോട്ടപ്പള്ളി സ്പിൽവേ ഷട്ടറിന്റെ അറ്റകുറ്റപ്പണികൾക്കായി 4,48,00,000/- (നാലു കോടി നാല്പത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഷട്ടറുകൾക്ക് രണ്ട് സൈഡിലും ബണ്ടുകൾ ക്രമീകരിച്ച് (ഒരേ സമയം 3 ഷട്ടറുകൾ എങ്കിലും) വെള്ളം വറ്റിച്ച് ഷട്ടറുകൾ ഗ്രൂവിൽ നിന്നും എടുത്ത് മാറ്റി സുരക്ഷിതമായി ക്രമീകരിക്കുകയും, കോർണർ ആംഗിളുകൾ ശരിയായി ക്രമീകരിക്കുന്നതിനുള്ള (40 ഷട്ടറിന്റെയും) ആവശ്യ വസ്തുക്കൾ സൈറ്റിൽ എത്തിച്ച് കോൺക്രീറ്റ് ചെയ്ത് ഗ്രൂവിൽ ഘടിപ്പിക്കുന്നതിനും, ഷട്ടറുകൾ തിരിച്ച് ഗ്രൂവിൽ ഇറക്കി ഷട്ടറുകളെ ഗിയർ സിസ്റ്റവുമായി ബന്ധിപ്പിക്കുന്നതിനാ വശ്യമായ വസ്തുതകൾ (സ്റ്റെയിൻലെസ് സ്റ്റീൽ വയർ റോപ്പ്, വയർ ക്ലാസ്, ഡി ഷാക്കിൽ, തിംമ്പിൾ) സൈറ്റിൽ എത്തിച്ച് ഘടിപ്പിക്കുന്ന പ്രവൃത്തികൾക്കുള്ള അനുമതിയാണ് നൽകിയിരിക്കുന്നത്. M/s സീ ബ്ലൂ കൊച്ചിൻ ഷിപ്പിയർഡ് ലിമിറ്റഡ് ഈ വർക്കുകൾ ഏറ്റെടുത്തുവെങ്കിലും യഥാസമയം പ്രവൃത്തി തുടങ്ങാത്തതിനാൽ പ്രസ്തുത കമ്പനിയെ ടെർമിനേറ്റ് ചെയ്യുകയും തുടർന്ന് റീ-ടെണ്ടറിങ്ങും ആയതിന്റെ തുടർനടപടികളും പുരോഗമിച്ചുവരുകയാണ്. |
| (ബി) | അറ്റകുറ്റപ്പണി പൂർത്തിയായെങ്കിലും സ്പിൽവേ ഷട്ടർ ഇപ്പോഴും കൃത്യമായി അടയ്ക്കുന്നതിന് സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊട്ടിപോകുന്ന ഡി-ഷാക്കിളുകളും വയർ റോപ്പുകളും മാറ്റി ഘടിപ്പിക്കുന്നതും, 2014-ൽ ഷട്ടറുകൾ മാറ്റി സ്ഥാപിച്ചതും ഒഴിച്ചാൽ അറ്റകുറ്റപ്പണികൾ ഒന്നുംതന്നെ നടത്തുവാൻ സാധിച്ചിട്ടില്ല. 2018-2019 കാലയളവിൽ ഉണ്ടായ ശക്തമായ വെള്ളപ്പൊക്കത്തിന്റെ ഫലമായാണ് തോട്ടപ്പള്ളി സ്പിൽവേയിൽ അറ്റകുറ്റപ്പണികൾ കൂടിയതെന്നും 2020-ൽ കോർണർ ആംഗിളുകൾ മാറ്റി |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്ന പ്രവൃത്തി M/s സീ ബ്ലൂ കൊച്ചിൻ ഷിപ്പിയർഡ് ലിമിറ്റഡ് ഏറ്റെടുത്തിട്ടും പ്രവൃത്തി ചെയ്യാതെ വരുകയും പിന്നീട് കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. അറ്റകുറ്റപണികൾ യഥാവിധം ചെയ്യുവാൻ കഴിയാഞ്ഞതിനാലാണ് ഷട്ടറുകൾ കൃത്യമായി അടയ്ക്കുവാൻ സാധിക്കാത്തതെന്ന് കരുതുന്നു. അറ്റകുറ്റപണികൾക്കായുള്ള തുടർനടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പൊഴിമുഖം പൂർണ്ണമായി തുറന്ന സാഹചര്യത്തിൽ സ്പിൽവേ ഷട്ടറുകൾ കൃത്യമായി പിഴവുകൂടാതെ അടയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ കടൽവെള്ളം തിരികെ കയറുകയും കുട്ടനാടൻ മേഖലയിലെ കൃഷികൾ നശിക്കാൻ ഇടയാകുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊഴിമുഖം പൂർണ്ണമായി തുറന്നത്, തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകളുടെ റെഗുലേഷനെ ബാധിച്ചിട്ടില്ല. നിലവിൽ പൂർണ്ണമായി തുറന്ന് കിടക്കുന്ന പൊഴിമുഖത്തെ ഏറ്റ-ഇറക്ക വ്യതിയാനങ്ങൾക്കനുസരിച്ച് കുട്ടനാട്ടിലെ കൃഷിയിടങ്ങളിലേക്ക് കടൽവെള്ളം കയറാത്ത രീതിയിൽ ഷട്ടറുകൾ റെഗുലേറ്റ് ചെയ്യുന്നുണ്ട്. പലപ്പോഴായി കടൽവെള്ളം കയറിയത് കൃത്യമായ നിർദ്ദേശങ്ങൾ ലഭിക്കാത്തതോടൊപ്പം ശക്തമായ ഏറ്റത്തിൽ ഷട്ടറുകൾക്ക് മുകളിലൂടെയും കടൽവെള്ളം ലീഡിങ്ങ് ചാനൽ വശത്തേയ്ക്ക് കയറുന്നതുകൊണ്ടാണ്. കോർണർ ആംഗിളുകളുടെ ഇലക്ട്രിക്കൽ മെയിന്റനൻസുകൾ പരിഹരിക്കുന്ന മുറയ്ക്ക് പിഴവുകൂടാതെ ഷട്ടറുകൾ അടയ്ക്കുവാൻ സാധിക്കുമെന്നും റബ്ബർ സീലുകളുടെ മെയിന്റനൻസുകൾ നടത്തുന്ന മുറയ്ക്ക് കടൽവെള്ളം തിരികെ കയറുന്നതും തടയാം എന്നും പ്രതീക്ഷിക്കുന്നു |
| (ഡി) | ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ പൂർണ്ണമായി തുറന്ന് കിടക്കുന്ന പൊഴിമുഖത്തെ വേലിയേറ്റ-ഇറക്ക വ്യതിയാനങ്ങൾക്കനുസരിച്ച് കുട്ടനാട്ടിലെ കൃഷിയിടങ്ങളിലേക്ക് കടൽവെള്ളം കയറാത്ത രീതിയിൽ ഷട്ടറുകൾ റഗുലേറ്റ് ചെയ്യുന്നുണ്ട്. കോർണർ ആംഗിളുകളുടേയും, ഇലക്ട്രിക്കൽ മെയിന്റനൻസുകളും പരിഹരിക്കുന്ന മുറയ്ക്ക് പിഴവുകൂടാതെ ഷട്ടറുകൾ അടയ്ക്കുവാൻ സാധിക്കുമെന്നും റബ്ബർ സീലുകളുടെ മെയിന്റനൻസുകൾ നടത്തുന്ന മുറയ്ക്ക് കടൽവെള്ളം തിരികെ കയറുന്നത് തടയാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. പ്രസ്തുത അടിയന്തര പ്രവൃത്തികൾക്കായി തിരുവനന്തപുരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ മെയിന്റനൻസുകൾ നടത്തുന്നതിന് പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗം നൽകിയ എസ്റ്റിമേറ്റിനോടൊപ്പം അടിയന്തര ഘട്ടത്തിൽ ഉപയോഗിക്കുന്നതിനായി സൈറ്റിൽ |

| | | | |
|---|---|---|---|
| | | | ഇലക്ട്രിക്കൽ ജനറേറ്ററും ക്രെയിൻ സർവ്വീസും വേണ്ട സാഹചര്യത്തിൽ ആയതിനുവേണ്ട എസ്റ്റിമേറ്റിനും സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ എസ്റ്റിമേറ്റിന് ഇലക്ട്രിക്കൽ വിഭാഗം സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് വർക്കുകൾ ടെണ്ടറുകൾ ചെയ്ത് വേണ്ട പ്രവൃത്തികൾ തുടങ്ങുവാനും കൂടാതെ റീ-ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കോർണർ ആംഗിളുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും എത്രയും വേഗം പരിഹരിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ